നം.DDDKER/3227/2025-F2

ക്ഷീരവികസന വകുപ്പ് ഡയറക്ടറേറ്റ്
പട്ടം, തിരുവനന്തപുരം -695004
ഫോൺ :0471-2445749, 2445799
e-mail: dir.dairy@kerala.gov.in
cru.ddd@kerala.gov.in
തീയതി:-16-08-2025

**ക്ഷീരവികസന വകുപ്പ്**

ദർഘാസ് നമ്പർ : 04/2025-26
ദർഘാസ് തീയതി : 16/08/2025
ഡയറക്ടർ, ക്ഷീരവികസന വകുപ്പ്, പട്ടം, തിരുവനന്തപുരം
ഫോൺ : 0471 2445799

**ഓണാഘോഷം 2025 - ഘോഷയാത്രയ്ക്ക് ഫ്ലോട്ട് തയ്യാറാക്കുന്നതിന് സീൽ ചെയ്ത ദർഘാസുകൾ ക്ഷണിക്കുന്നു.**

**ദർഘാസ് പരസ്യം**

ദർഘാസ് നം.04/2025-26 തീയതി :16/08/2025

2025 വർഷത്തെ സംസ്ഥാനതല ഓണം വാരാഘോഷ പരിപാടികളുടെ ഭാഗമായി സമാപന ദിവസമായ 2025 സെപ്റ്റംബർ 9 ന് സർക്കാർ ഓണം ഘോഷയാത്ര സംഘടിപ്പിച്ചിരിക്കുന്നു. പ്രസ്തുത ഘോഷയാത്രയിൽ സമകാലീന പ്രാധാന്യമുള്ള വിഷയങ്ങളെ ആധാരമാക്കി സമൂഹത്തിന് നല്ല സന്ദേശം നൽകുന്ന ഫ്ലോട്ടുകൾ അവതരിപ്പിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ ക്ഷീരവികസന വകുപ്പിന് വേണ്ടി ഫ്ലോട്ട് തയ്യാറാക്കുന്നതിന് താൽപര്യമുള്ള വ്യക്തികൾ/ഏജൻസികൾ എന്നിവരിൽ നിന്ന് ദർഘാസ് ക്ഷണിക്കുന്നു.

ദർഘാസുകളിൽ, ദർഘാസ് നമ്പർ 04/2025-26 : "ക്ഷീരവികസന വകുപ്പിന്റെ ആവശ്യത്തിന് ഫ്ലോട്ട് തയ്യാറാക്കുന്നതിനുള്ള ദർഘാസ് " എന്ന് കവറിനു പുറത്ത് രേഖപ്പെടുത്തി ഡയറക്ടർ ക്ഷീരവികസന വകുപ്പ്, പട്ടം, തിരുവനന്തപുരം എന്ന വിലാസത്തിൽ അയച്ചുതരേണ്ടതാണ്.

ദർഘാസുകൾ **25/08/2025 ന് ഉച്ചയ്ക്ക് 2.00 മണി വരെ** സ്വീകരിക്കുന്നതും അന്നേദിവസം വൈകുന്നേരം 3.00 മണിക്ക് ദർഘാസുകൾ തുറക്കുന്നതുമാണ്. തദവസരത്തിൽ ദർഘാസുകൾ സമർപ്പിക്കുന്നവർക്കോ അധികാരപ്പെടുത്തുന്ന പ്രതിനിധികൾക്കോ പങ്കെടുക്കാവുന്നതാണ്.

| ഫ്ലോട്ടിന്റെ വിഷയം | ഫ്ലോട്ടിന്റെ വലിപ്പം | എസ്റ്റിമേറ്റ് | ക്വട്ടേഷൻ ക്ഷണിക്കുന്ന ദിവസം | ക്വട്ടേഷൻ സമർപ്പിക്കേണ്ട അവസാന തീയതി |
|---|---|---|---|---|
| "ക്ഷീരവികസന വകുപ്പിന്റെ നേട്ടങ്ങൾ കർഷകരുടെ ഭദ്രതയ്ക്ക്" | റോഡിൽ നിന്നും ഉയരം : 16 അടി<br>വീതി : 10 അടി<br>നീളം : 20 അടി | പരമാവധി രണ്ടര ലക്ഷം രൂപ | 16/08/2025 | 25/08/2025 upto 2pm. |

Signed by
Salini Gopinath
Date: 16-08-2025 15:43:13

## നിബന്ധന

1. സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ഗ്രീൻ പ്രോട്ടോക്കോൾ കർശനമായി പാലിക്കേണ്ടതാണ്.

2. തെർമോക്കോൾ, ഫ്ലക്സ് എന്നിവ ഒഴിവാക്കേണ്ടതാണ്.

3. ഇലക്ട്രോണിക് ഉപകരണങ്ങൾ, എൽ.ഇ.ഡി സ്ക്രീൻ അതുമായി ബന്ധപ്പെട്ട മറ്റ് ഘടകങ്ങൾ ഫ്ലോട്ടിനു ഉപയോഗിക്കാവുന്നതാണ്.

4.തീപിടിക്കുന്ന വസ്തുക്കൾ, അപകടകരമായ രാസവസ്തുക്കൾ എന്നിവ ഉപയോഗിക്കാൻ പാടുള്ളതല്ല.

5.ഫ്ലോട്ടിന്റെ തീം പൊതുജനങ്ങൾക്ക് സന്ദേശം നൽകുന്നതായിരിക്കണം.

6.ഫ്ലോട്ട് തയ്യാറാക്കുന്നത് നിലവിലുള്ള നിയമം, ചട്ടം എന്നിവയ്ക്ക് വിധേയമായിരിക്കണം.

7.ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത വ്യക്തി/സ്ഥാപനം വർക്ക് ഓർഡർ ഇഷ്യു ചെയ്ത് 48 മണിക്കൂറുകൾക്കകം ആർട്ട് വർക്കിന്റെ സാമ്പിൾ ലഭ്യമാക്കേണ്ടതാണ്.

8.ക്ഷീരവികസന വകുപ്പ് ഡയറക്ടർ അംഗീകരിച്ച പ്രകാരമുള്ള ആർട്ട് വർക്കുകളാണ് ഉപയോഗിക്കേണ്ടത്.

9.ഫ്ലോട്ട് നിർമ്മാണ വേളയിൽ നിബന്ധനകൾ ലംഘിക്കുന്ന പക്ഷം ക്ഷീരവികസന വകുപ്പ് ഡയറക്ടർക്ക് ഫ്ലോട്ട് നിർമ്മാണത്തിനുള്ള ദർഘാസ് ക്യാൻസൽ ചെയ്യുന്നതിനുള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഓഫീസ് പ്രവർത്തി സമയങ്ങളിൽ 9539306773, 9495541251 എന്നീ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

ഡയറക്ടർ